**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 599** **28-06-2022 - ൽ മറുപടിയ്ക്ക്**

**ഗ്വാളിയാർ റയോൺസ് ഭൂമിയിൽ പുതിയ വ്യവസായ സംരംഭം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിലെ മാവൂരിൽ ഗ്വാളിയാർ റയോൺസ് ഭൂമിയിൽ പുതിയ വ്യവസായ സംരംഭം ആരംഭിക്കുന്നത് സംബന്ധിച്ച് എന്ത് നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ; | (എ) | വ്യവസായ വകുപ്പിന്റെ 10/10/2017 തീയതിയിലെ സർക്കാർ ഉത്തരവ് നം.(എം.എസ്)97/2017/ ഐ.ഡി പ്രകാരം മാവൂർ ഗ്വാളിയാർ റയോൺസിന്റെ കൈവശത്തിലുള്ള ഭൂമി തിരികെ ഏറ്റെടുക്കുന്നതിനും ഇൻഡസ്ട്രിയൽ പാർക്ക് തുടങ്ങുന്നതിന് കിൻഫ്രയ്ക്ക് അനുവദിക്കുന്നതിനുമാണ് സർക്കാർ ഉത്തരവായിരുന്നത്. എന്നാൽ ടി സർക്കാർ ഉത്തരവിനെതിരെ മാവൂർ ഗ്വാളിയാർ റയോൺസ് കമ്പനി ബഹു.ഹൈക്കോടതി മുൻപാകെ WP(C)No.33103/2017 ആയി റിട്ട് ഹർജി സമർപ്പിക്കുകയും പ്രസ്തുത ഹർജിയിൽ സ.ഉ.(എം.എസ്)നം.97/2017/വ്യവ സർക്കാർ ഉത്തരവിൻമേൽ ബഹു.ഹൈക്കോടതി സ്റ്റേ ഓർഡർ പുറപ്പെടുവിച്ചതിനാൽ ഭൂമി തിരികെ ഏറ്റെടുക്കാൻ സാധിച്ചിട്ടില്ല. നിലവിൽ കേസ് ബഹു.ഹൈക്കോടതിയുടെ പരിഗണനയിലാണ്.<br><br>കേസ് പെട്ടെന്ന് തീർപ്പാക്കുന്നതിനായി 09/02/2022, 08/03/2022, 30/03/2022, തീയതികളിൽ അഡ്വക്കേറ്റ് ജനറലിന് കത്തുകളും അർദ്ധ ഔദ്യോഗിക കത്തുകളും കോഴിക്കോട് ജില്ലാ കളക്ടർ നൽകിയിട്ടുണ്ട്. 17/05/2022-ന് കോഴിക്കോട് ജില്ലാ നിയമ ഓഫീസർ അറ്റോർണി ജനറലുമായി നേരിട്ട് കൂടിക്കാഴ്ച്ച നടത്തി കേസ് തീർപ്പാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കാൻ ആവശ്യപ്പെട്ട തനുസരിച്ചുള്ള തുടർനടപടികൾ സ്റ്റേറ്റ് അറ്റോർണി ജനറൽ സ്വീകരിച്ചു വരുന്നു. |
| (ബി) | ഈ സംബന്ധിച്ച് ഹൈക്കോടതിയിൽ കേസ് നിലവിലുണ്ടോ; എങ്കിൽ ആയത് തീർപ്പാക്കുന്നതിൽ കാലതാമസം വരുന്നതിനിടയാക്കിയ സാഹചര്യം വിശദമാക്കാമോ? | (ബി) | വ്യവസായ വകുപ്പിന്റെ 10/10/2017 തീയതിയിലെ സർക്കാർ ഉത്തരവ് നം.(എം.എസ്)97/2017/ ഐ.ഡി പ്രകാരം മാവൂർ ഗ്വാളിയാർ റയോൺസിന്റെ കൈവശത്തിലുള്ള ഭൂമി തിരികെ ഏറ്റെടുക്കുന്നതിനും ഇൻഡസ്ട്രിയൽ പാർക്ക് തുടങ്ങുന്നതിന് കിൻഫ്രയ്ക്ക് അനുവദിക്കുന്നതിനുമാണ് സർക്കാർ |

| | | | |
|---|---|---|---|
| | | | ഉത്തരവായിരുന്നത്. എന്നാൽ ടി സർക്കാർ ഉത്തരവിനെതിരെ മാവൂർ ഗ്വാളിയാർ റയോൺസ് കമ്പനി ബഹു.ഹൈക്കോടതി മുൻപാകെ WP(C)No.33103/2017 ആയി റിട്ട് ഹർജി സമർപ്പിക്കുകയും പ്രസ്തുത ഹർജിയിൽ സ.ഉ.(എം.എസ്)നം.97/2017/വ്യവ സർക്കാർ ഉത്തരവിൻമേൽ ബഹു.ഹൈക്കോടതി സ്റ്റേ ഓർഡർ പുറപ്പെടുവിച്ചതിനാൽ ഭൂമി തിരികെ ഏറ്റെടുക്കാൻ സാധിച്ചിട്ടില്ല. നിലവിൽ കേസ് ബഹു.ഹൈക്കോടതിയുടെ പരിഗണനയിലാണ്.<br><br>കേസ് പെട്ടെന്ന് തീർപ്പാക്കുന്നതിനായി 09/02/2022, 08/03/2022, 30/03/2022, തീയതികളിൽ അഡ്വക്കേറ്റ് ജനറലിന് കത്തുകളും അർദ്ധ ഔദ്യോഗിക കത്തുകളും കോഴിക്കോട് ജില്ലാ കളക്ടർ നൽകിയിട്ടുണ്ട്. 17/05/2022-ന് കോഴിക്കോട് ജില്ലാ നിയമ ഓഫീസർ അറ്റോർണി ജനറലുമായി നേരിട്ട് കൂടിക്കാഴ്ച്ച നടത്തി കേസ് തീർപ്പാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കാൻ ആവശ്യപ്പെട്ടതനുസരിച്ചുള്ള തുടർനടപടികൾ സ്റ്റേറ്റ് അറ്റോർണി ജനറൽ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ